പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 330 — 18.03.2013 - ൽ മറുപടിയ്ക്ക്

## ശൗര്യചക്ര പി.വി. മനേഷിനെ അപമാനിച്ച സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.ബേബി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) മുംബൈ ആക്രമണത്തിനെതിരെ നടത്തിയ സൈനിക നടപടിയിൽ പങ്കെടുത്ത് ഒരു വശം തളർന്നു ചികിത്സയിലിരിക്കുന്ന ശൗര്യചക്ര പി.വി. മനേഷിനെ വളപട്ടണം എസ്.ഐ. ജയൻ സ്റ്റേഷനിൽ വിളിച്ചുവരുത്തി അപമാനിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ശ്രീ.പി.വി. മനേഷ് ആഭ്യന്തരമന്ത്രി, ഉന്നത പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് നൽകിയ പരാതിയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) & (സി) ശ്രീ. പി.വി. മനേഷ് സമർപ്പിച്ച പരാതികളിന്മേൽ അന്വേഷണം നടത്തി വരുകയാണ്. അന്വേഷണത്തിൽ കുറ്റാരോപണം തെളിയുന്ന പക്ഷം കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) ആരോപണ വിധേയനായ ഉദ്യോഗസ്ഥൻ കുറ്റക്കാരനാണെന്നു കണ്ടെത്തിയാൽ മാതൃകാപരമായ കർശന നടപടി സ്വീകരിച്ച് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ